"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- തൃശ്ശൂർ ജില്ലാ പഞ്ചായത്ത്- തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1992/2022/LSGD തീയതി,തിരുവനന്തപുരം, 17-08-2022

പരാമർശം:- 1. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 27.01.2022-ലെ ഡിപിടി/ബി4-5339/2014 നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 11/03/2022-ലെ 4.77 നമ്പർ തീരുമാനം.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിന് നിയമിക്കപ്പെടുന്ന താൽക്കാലിക ജീവനക്കാർക്ക് വേതനം, യൂണിറ്റിനാവശ്യമായ മരുന്ന്, ഉപകരണങ്ങൾ, മറ്റ് ആവർത്തന ചെലവുകൾ എന്നിവയ്ക്കായി ഓരോ വർഷവും 50 ലക്ഷം രൂപ ആവശ്യമായി വരും. ഇതിനായി ജില്ലാ പഞ്ചായത്ത് 23.00 ലക്ഷം രൂപയും വടക്കാഞ്ചേരി നഗരസഭയും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തും 6.00 ലക്ഷം രൂപ വീതവും എരുമപ്പെട്ടി, തെക്കുംകര, ദേശമംഗലം, വരവൂർ, മുള്ളൂർക്കര എന്നീ ഗ്രാമപഞ്ചായത്തുകൾ 3.00 ലക്ഷം രൂപ വീതവും വകയിരുത്തി വടക്കാഞ്ചേരി മെഡിക്കൽ സൂപ്രണ്ടിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നതിന് ഈ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും ഇങ്ങനെ ലഭിക്കുന്ന തുക മുകളിൽ പറഞ്ഞ ആവശ്യത്തിനുപയോഗിക്കാൻ അനുമതി നൽകണമെന്നും സംബന്ധിച്ച് പരാമർശം (1) പ്രകാരം തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാതല കോ ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയുണ്ടായി. കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനത്തിനായി ജില്ലാ പഞ്ചായത്ത് 23.00 ലക്ഷം രൂപയും വടക്കാഞ്ചേരി നഗരസഭയും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തും 6.00 ലക്ഷം രൂപ വീതവും എരുമപ്പെട്ടി, തെക്കുംകര, ദേശമംഗലം, വരവൂർ, മുള്ളൂർക്കര എന്നീ ഗ്രാമപഞ്ചായത്തുകൾ 3.00 ലക്ഷം രൂപ വീതവും വിനിയോഗിക്കുന്നതിന് അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കുന്നു. ഇതിലേയ്ക്കായി FC grant ഒഴികെയുള്ള General Sector ഫണ്ടും ഈ പദ്ധതിയിൽ പ്ലാൻ/നോൺപ്ലാൻ ഫണ്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ SNA അക്കൗണ്ട് മുഖേനയും

തനത് ഫണ്ട് തുക ജില്ല ആശുപത്രിയിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ STSB അക്കൗണ്ട് മുഖേനയും വിനയോഗിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ.

അക്കൗണ്ടന്റ് ജനറൽ(എ & ഇ),കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്),കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ.ഡി.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 17-08-2022 15:08:21
സെക്ഷൻ ഓഫീസർ